ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 31.07.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). വയനാട്ടിൽ വിനാശം വിതച്ച ഉരുൾപൊട്ടലിൽ മരണസംഖ്യ 165 ആയി. മേഖലയിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുന്നു. ആയിരത്തോളം പേരെ ഇതിനകം രക്ഷപ്പെടുത്തി.

Death toll in Wayanad landslide rises to 165. Rescue operations are ongoing since morning. Around one thousand people were rescued so far.

2) വയനാട്ടിലേത് വൻ ദുരന്തമാണെന്നും, സാധ്യമായ എല്ലാ സഹായങ്ങളും ചെയ്യുമെന്നും ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. ദുരിതാശ്വാസ കേന്ദ്രങ്ങൾ സന്ദർശിക്കാൻ ഗവർണർ വയനാട്ടിലെത്തി.

Kerala Governor Arif Muhammad Khan offered all possible help to deal the huge disaster in Wayanad. Governor reached Wayanad to visit the relief centers.

3) രക്ഷാപ്രവർത്തനം വിലയിരുത്താൻ മുഖ്യമന്ത്രി ഉന്നതതല യോഗം വിളിച്ചു.

Kerala Chief Minister Pinarayi Vijayan called a high-level meeting to review the rescue operation.

4) സംസ്ഥാനത്തെ 49 തദ്ദേശവാർഡുകളിൽ നടന്ന ഉപതിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ പുരോഗമിക്കുന്നു.

Counting of local body by-elections progressing in Kerala.

5) പാരിസ് ഒളിമ്പിക്സ് ബാഡ്മിൻറണിൽ പി.വി സിന്ധുവും, ലക്ഷ്യ സെന്നും, എച്ച്.എസ് പ്രണോയും ഇന്ന് കളിക്കളത്തിലിറങ്ങും.

In Paris Olympics Badminton PV Sindhu, Lakshya Sen and HS Pranoy will play today.

******************************************************

## WAYANAD LANDSLIDE

വയനാട്ടിൽ വിനാശം വിതച്ച ഉരുൾപൊട്ടലിൽ മരണസംഖ്യ 165 ആയി. ആയിരത്തിലേറെ ആളുകളെയാണ് ദുരന്തഭൂമിയിൽ നിന്നും ഇതിനകം രക്ഷപ്പെടുത്തിയത്. നൂറോളം പേരെ ഇപ്പോഴും കാണാനില്ലെന്നാണ് ലഭിക്കുന്ന വിവരം. 175-ഓളം പേർ വിവിധ ആശുപത്രികളിലായി ചികിത്സയിലുണ്ട്. 123 പേരുടെ മൃതദേഹം പോസ്റ്റുമോർട്ടം നടപടകൾ പൂർത്തിയാക്കി. രണ്ടാംദിനമായ ഇന്ന് രാവിലെ ഏഴ് മണി മുതൽ രക്ഷാദൗത്യം പുനരാരംഭിച്ചിരുന്നു. റിസോർട്ടുകളിലും മറ്റും കുടുങ്ങിയ നിരവധിപേരെ ഇന്ന് രക്ഷപ്പെടുത്തി. ദുരന്തം ഏറ്റവും കൂടുതൽ ബാധിച്ച മുണ്ടക്കൈയിലും ചൂരൽ മലയിലും രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. ചെളിയും കൂറ്റൻ പാറക്കല്ലുകളും തിരച്ചിൽ ദുഷ്കരമാക്കുന്നുണ്ട് . വയനാട്ടിൽ 45 ദുരിതാശ്വാസ ക്യാമ്പുകളിലായി മൂവായിരത്തിലേറെ പേരാണ് കഴിയുന്നത്.

മന്ത്രിമാരായ കെ.രാജൻ, പി.എ മുഹമ്മദ് റിയാസ്, ഒ.ആർ കേളു, എ.കെ.ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവർ സംഭവ സ്ഥലത്ത് തങ്ങി രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകുന്നു.രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കേന്ദ്രസഹമന്ത്രി ജോർജ് കുര്യനും ഇന്നലെ വയനാട്ടിലെത്തിയിരുന്നു. കേന്ദ്ര സർക്കാർ സ്ഥിതി നിരന്തരം നിരീക്ഷിച്ചുവരുന്നതായും വിവിധ സേനാ വിഭാഗങ്ങൾ സംയുക്തമായി രക്ഷാ ദൗത്യത്തിന് നേതൃത്വം നൽകുന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു. സ്ഥിതിഗതികൾ നിരീക്ഷിക്കുന്നതിനായി ആഭ്യന്തര മന്ത്രാലയത്തിന്റെ രണ്ട് കൺട്രോൾ റൂമുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടെന്നും ശ്രീ ജോർജ് കുര്യൻ

പറഞ്ഞു. സംസ്ഥാനത്ത് ഔദ്യോഗിക ദുഖാചരണം ഇന്നും തുടരുകയാണ്.

*********************************************

**WAYANAD – (INTRO)**

വയനാട് ദുരന്തത്തിൽ മരിച്ച നൂറിലേറെ പേരുടെ മൃതദേഹങ്ങൾ ബന്ധുക്കൾക്ക് വിട്ടു നൽകി. ചാലിയാർ പുഴയിൽ നിന്ന് കണ്ടെടുത്ത മൃതദേഹങ്ങളും വയനാട്ടിലേക്ക് അല്പസമയത്തിനകം എത്തിക്കും. മേപ്പാടി മുണ്ടക്കൈ അട്ടമല മേഖലയിൽ രക്ഷാപ്രവർത്തനം ഊർജിതമാക്കിയിട്ടുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്......

(വോയിസ്......... )

*********************************************

**WYND – MALAPPURAM UPDATE**

വയനാട്ടിലെ ഉരുൾപൊട്ടലിനെ തുടർന്ന് ചാലിയാറിൽ നിലമ്പൂരിൽ നിന്ന് കണ്ടെത്തിയ മൃതദേഹങ്ങൾ തിരിച്ചറിയാനുള്ള ശ്രമങ്ങൾ തുടരുന്നു. 40 മൃതദേഹങ്ങളാണ് നിലമ്പൂരിലെ ആശുപത്രിയിൽ സൂക്ഷിച്ചിരുന്നത്. ചാലിയാറിൻറെ ഇരുകരകളിലും തിരച്ചിൽ തുടരുന്നുണ്ട്.

*********************************************

**WAYANAD – GOVERNOR**

വയനാട്ടിലേത് വൻ ദുരന്തമാണെന്നും, സാധ്യമായ എല്ലാ സഹായങ്ങളും ചെയ്യുമെന്നും ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. രാജ്യത്തിൻറെ എല്ലാ കോണുകളിൽ നിന്നും സഹായം പ്രതീക്ഷിക്കുന്നതായും അദ്ദേഹം കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. രണ്ട് പ്രളയങ്ങളെയും അതിജീവിച്ചവരാണ് നമ്മളെന്നും,

ഇതും അതുപോലെ അതിജീവിക്കുമെന്നും അദ്ദേഹം പ്രത്യാശ പങ്കുവച്ചു. ദുരിതാശ്വാസ കേന്ദ്രങ്ങൾ സന്ദർശിക്കാൻ ഗവർണർ വയനാട്ടിലെത്തി.

*********************************************

## WAYANAD- KERALA CM

വയനാട് ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രി വിളിച്ച അവലോകന യോഗം ആരംഭിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആസ്ഥാനത്താണ് യോഗം പുരോഗമിക്കുന്നത്. രക്ഷാ പ്രവർത്തനത്തിന് നേതൃത്വം നൽകുന്ന വിവിധ വിഭാഗങ്ങളുടെ ചുമതലയിലുള്ളവർ യോഗത്തിൽ ഓൺലൈനായി പങ്കെടുക്കുന്നു.

*********************************************

## BEYLI BRIDGE

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടലിൽ രക്ഷാപ്രവർത്തനം ഊർജ്ജിതമാക്കുന്നതിനുള്ള ബെയ്‌ലി പാലത്തിൻറെ നിർമാണം പുരോഗമിക്കുന്നു. നിർമാണസാമഗ്രികൾ വ്യോമസേന വിമാനത്തിൽ കണ്ണൂർ വിമാനത്താവളത്തിൽ എത്തിച്ചശേഷം 17 ട്രക്കുകളിലായി വയനാട്ടിലെത്തിക്കും. പാലം പൂർത്തിയാകുന്നതോടെ രക്ഷാപ്രവർത്തനത്തിന് വേഗമേറും.

*********************************************

## MYSORE -AVOID JOURNEY

മൈസൂരിലേക്ക് യാത്ര ചെയ്യുന്നവർ വയനാട് വഴിയുള്ള യാത്ര ഒഴിവാക്കണമെന്ന് കണ്ണൂർ ജില്ലാ ഭരണകൂടം അറിയിച്ചു. വയനാട് വഴി പോകുന്നതിന് പകരം ഇരിട്ടി- കൂട്ടുപുഴ റോഡ് വഴി യാത്ര ചെയ്യണമെന്നാണ് നിർദേശം. വയനാട് ഉരുൾപൊട്ടലിൻറെ പശ്ചാത്തലത്തിൽ താമരശ്ശേരി ചുരം വഴി അത്യാവശ്യ വാഹനങ്ങൾക്ക് ഒഴികെ മറ്റുള്ള വാഹനങ്ങൾക്ക് കഴിഞ്ഞ ദിവസം മുതൽ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. മുണ്ടക്കൈ

ദുരിതമേഖലയിലേക്ക് രക്ഷാപ്രവർത്തന സാമഗ്രികൾ എത്തിക്കുന്നതിന് ഗതാഗത തടസമുണ്ടാകാതിരിക്കാനാണ് ചുരത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയത്.

**********************************************

## WAYANAD RELIEF

വയനാട് ഉരുൾ പൊട്ടലുണ്ടായ ദുരന്ത മേഖലയിലേക്ക് അനാവശ്യമായ സന്ദർശനം ഒഴിവാക്കേണ്ടതാണെന്ന് സർക്കാർ അറിയിച്ചു. രക്ഷാപ്രവർത്തനത്തിന് തടസ്സമുണ്ടാക്കുന്ന വിധം ദുരന്ത മേഖലയിൽ കാഴ്ചക്കാരായി നിൽക്കുന്ന പ്രവണത ഒഴിവാക്കണമെന്നും പൊതുജനങ്ങളോട് സർക്കാർ അഭ്യർത്ഥിച്ചു. വയനാട്ടിലെ ദുരിത ബാധിതർക്ക് സഹായം നൽകാൻ ആഗ്രഹിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി മുഖേന സഹായം നൽകാം.  ദുരിതാശ്വാസ സഹായമായി സാധനങ്ങൾ വാങ്ങിയവർ അതാത് ജില്ലയിലെ കളക്ടറേറ്റിൽ 1077 എന്ന നമ്പറിൽ അറിയിക്കണം.

**********************************************

## RAIN KERALA

വടക്കൻ കേരളത്തിൽ അതിതീവ്ര മഴ തുടരുമെന്ന് കാലാവസ്ഥാ വകുപ്പ്. മധ്യകേരളത്തിലും ശക്തമായ മഴയുണ്ടാകും. ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട്,  കണ്ണൂർ, കാസർകോട് ജില്ലകളിൽ അതിശക്തമായ മഴയ്ക്കുള്ള ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ ശക്തമായ മഴയ്ക്കുള്ള മഞ്ഞ ജാഗ്രത തുടരുന്നു. കേരളം, കർണാടകം, ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിക്കാൻ പോകരുത്. കേരള തീരത്ത് ഉയർന്ന തിരമാലയ്ക്കും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം.

**********************************************

## SPECIAL BULLETINS

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൻറെ പശ്ചാത്തലത്തിൽ ആകാശവാണി ഇന്ന് പ്രത്യേക വാർത്ത ബുള്ളെറ്റിനുകൾ പ്രക്ഷേപണം ചെയ്യും. 5 മിനിറ്റ് ദൈർഘ്യമുള്ള ബുള്ളറ്റിനുകൾ ഉച്ചക്ക് 3.30 നും വൈകിട്ട് 4.45 നും കേൾക്കാം.

*************************************************

## PARLIAMENT

പാർലമെൻറിൻറെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. പാരീസ് ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയ ഷൂട്ടിങ് താരങ്ങളായ മനു ഭാക്കറെയും, സരബ്ജോത് സിംഗിനെയും ലോക്സഭ സ്പീക്കർ ഓം ബിർള അഭിനന്ദിച്ചു.അതേസമയം രാജ്യത്ത് ജാതിസെൻസസ് നടത്തണമെന്നാവശ്യപ്പെട്ടുള്ള പ്രതിപക്ഷ ബഹളം ലോക്സഭയെ പ്രക്ഷുബ്ധമാക്കി. പ്രതിപക്ഷ ബഹളം രൂക്ഷമായതോടെ ചോദ്യോത്തരവേള തടസപ്പെടുകയും സഭ 12 മണി വരെ നിർത്തി വക്കുകയും ചെയ്തു. രാജ്യസഭയിൽ ചോദ്യോത്തരവേള പുരോഗമിക്കുകയാണ്. ഉപാധ്യക്ഷന്മാരുടെ പാനൽ രാജ്യസഭാ അധ്യക്ഷൻ ജഗ്ദീപ് ധൻകർ ഇന്ന് പുനഃസംഘടിപ്പിച്ചു.

*************************************************

## VIETNAM PM VISIT

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ വിയറ്റ്നാം പ്രധാനമന്ത്രി ഫാം മിൻ ചിൻ, ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും. വിയറ്റ്നാം പ്രധാനമന്ത്രിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പ്രത്യേക വിരുന്നും ഒരുക്കിയിട്ടുണ്ട്.

*************************************************

## ELECTION

സംസ്ഥാനത്തെ 49 തദ്ദേശവാർഡുകളിൽ നടന്ന ഉപതിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ പുരോഗമിക്കുന്നു. ഫലം പുറത്തുവന്ന 32 സീറ്റുകളിൽ എൽ ഡി എഫ് 18 ഇടങ്ങളിൽ വിജയിച്ചു. യുഡിഎഫിന് 12 ഉം എൻ ഡി എ ക്ക് 2 ഉം സീറ്റുകൾ ലഭിച്ചിട്ടുണ്ട്.

************************************************

## PREETI SUDAN

യു.പി.എസ്.സി അധ്യക്ഷയായി മുൻ കേന്ദ്ര ആരോഗ്യ സെക്രട്ടറി പ്രീതി സുദൻ നിയമിതയായി. മുൻ U.P.S.C അധ്യക്ഷൻ ഡോ മനോജ് സോണി രാജിവച്ച ഒഴിവിലാണ് നിയമനം.

************************************************

## PARIS OLYMPICS

പാരിസ് ഒളിമ്പിക്സ് ബാഡ്മിൻറൺ വനിതാ സിംഗിൾസ് ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യയുടെ പി.വി സിന്ധു ഇന്ന് കളിക്കളത്തിലിറങ്ങും. ബാഡ്മിൻറൺ പുരുഷ സിംഗിൾസ് ഗ്രൂപ്പ് വിഭാഗത്തിൽ ലക്ഷ്യസെന്നും, എച്ച്.എസ് പ്രണോയും ഇന്ന് മത്സരിക്കുന്നുണ്ട്. ഷൂട്ടിങ്ങ്, അമ്പെയ്ത്ത്, തുഴച്ചിൽ മത്സരങ്ങളിലും ഇന്ത്യൻ താരങ്ങൾ ഇന്നിറങ്ങും. ബോക്സിങ് വനിതകളുടെ 75 കിലോഗ്രാം വിഭാഗത്തിൽ ലവ്ലിന ബൊർഗൊഹൈൻ മത്സരിക്കും. ടേബിൾ ടെന്നിസ് വനിതാ സിംഗിൾസിൽ മണിക ബത്രയും, ശ്രീജ അകുലയും ഇന്ന് കളിക്കളത്തിലിറങ്ങും. ഇന്നലെ നടന്ന 10 മീറ്റർ എയർ പിസ്റ്റൾ മിക്സ്ഡ് ഷൂട്ടിങ്ങിൽ മനു ഭാക്കർ-സരബ്ജ്യോത് സിങ് സഖ്യം ഇന്ത്യയ്ക്കായി രണ്ടാം വെങ്കല മെഡൽ നേടിയിരുന്നു. പാരിസ് ഒളിമ്പിക്സിൽ രണ്ട് മെഡലുകൾ നേടുന്ന താരമായും മനു ഭാക്കർ മാറി.

*******************************************************

## HAMAS HEAD

ഹമാസ് തലവൻ ഇസ്മയിൽ ഹനിയ്യ ഇറാനിൽ കൊല്ലപ്പെട്ടു . ടെഹ്റാനിലെ വസതിയിൽ വച്ചാണ് കൊല്ലപ്പെട്ടതെന്ന് ഇറാൻസ് ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്പ് അറിയിച്ചു. ഇറാൻ പ്രസിഡൻറ് മസൂദ് പെസഷ്കിയാൻറെ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുക്കാനാണ് ഇസ്മയിൽ ഹനിയ്യ ടെഹ്റാനിലെത്തിയത്. ഹമാസിൻറെ മുഖ്യനായി അറിയപ്പെട്ടിരുന്ന ഹനിയ്യയാണ് സമാധാനചർച്ചകളിൽ ഹമാസിനെ പ്രതിനിധീകരിച്ചിരുന്നത്. സംഭവത്തിൽ ഇസ്രയേൽ ഇതുവരെ പ്രതികരിച്ചിട്ടില്ല.

*******************************************************

## ISRAEL HEZBOLLAH COMMANDER

ലെബനീസ് തലസ്ഥാനമായ ബെയ്റൂട്ടിൽ നടത്തിയ ആക്രമണത്തിൽ മുതിർന്ന ഹിസ്ബുള്ള കമ്മാൻഡർ ഫുആദ് ഷുക്കറെ വധിച്ചതായി ഇസ്രായേൽ അറിയിച്ചു. ഇസ്രായേൽ അധീനതയിലുള്ള ഗോലാൻ മലനിരകളിൽ ശനിയാഴ്ചയുണ്ടായ റോക്കറ്റ് ആക്രമണത്തിന് ഉത്തരവാദിയാണ് ഫുവാദ് ഷുക്കൂറെന്നും ഇസ്രയേൽ അറിയിച്ചു. കുട്ടികൾ ഉൾപ്പെടെ 12 പേരാണ് റോക്കറ്റ് ആക്രമണത്തിൽ കൊല്ലപ്പെട്ടത് .

*******************************************************

## KARNATAKA RAIN

കനത്ത മഴയെ തുടർന്ന് കർണാടകയിലെ പല ജില്ലകളും ദുരിതത്തിൽ. സക്ലേഷ്പൂർ താലൂക്കിലുണ്ടായ മണ്ണിടിച്ചിലിൽ ദേശീയപാതയിലെ ഗതാഗതം തടസ്സപ്പെട്ടു. തീരദേശ കർണാടകയുമായി ബന്ധിപ്പിക്കുന്ന ഈ പാതകളിലെ വാഹനഗതാഗതം നിർത്തിവച്ചിരിക്കുകയാണ്. ബെംഗളൂരുവിൽ

നിന്ന് തീരദേശ കർണാടകയിലേക്കുള്ള ട്രെയിൻ ഗതാഗതവും തടസപ്പെട്ടു.

*********************************************

**TROLLING**

സംസ്ഥാനത്ത് 52 ദിവസത്തെ ട്രോളിങ് നിരോധനം
ഇന്ന് അർദ്ധരാത്രി അവസാനിക്കും. നീണ്ടകരപ്പാലത്തിൻ്റെ തൂണുകളിൽ ബന്ധിച്ചിരിക്കുന്ന ചങ്ങല, രാത്രി 12 ന് ഫിഷറീസ് അധികൃതർ അഴിച്ചുമാറ്റുന്നതോടെ ബോട്ടുകൾ കടലിലേക്ക് പുറപ്പെടും.

*********************************************

**PALAKKAD**

പാലക്കാട് ജില്ലയിൽ മഴക്കെടുതിയെ തുടർന്ന് 39 ദുരിതാശ്വാസ ക്യാമ്പുകളിലായി 2,230 പേരെ മാറ്റി പാർപ്പിച്ചു.നെല്ലിയാമ്പതി ചുരം റോഡിൽ കല്ലും മണ്ണും വീണ് ഗതാഗതം പൂർണ്ണമായും തടസ്സപ്പെട്ടു. ഭാരത പുഴയിൽ ജലവിതാനം ഉയർന്നതിനെ തുടർന്ന് പട്ടാമ്പി പാലത്തിലൂടെയുള്ള ഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തി.

*********************************************

*********************************************

*********************************************